## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.157 26/09/16-ൽ മറുപടിക്ക്

### റാന്നി ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം: | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) |
| എ) റാന്നി ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചത് എന്ന് മുതലാണെന്നും ഏതൊക്കെ തസ്തികകളിലായി എത്ര ജീവനക്കാർ ഇവിടെ പ്രവർത്തിച്ചു വരുന്നുവെന്നും വ്യക്തമാക്കാമോ; | എ) റാന്നി അഗ്നിരക്ഷാ നിലയം 15/08/2000ൽ പ്രവർത്തനം ആരംഭിച്ചു. ജീവനക്കാരുടെ എണ്ണവും തസ്തികകളും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:- |

| ക്രമ. നം. | തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സ്റ്റേഷൻ ഓഫീസർ | 1 |
| 2 | അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 1 |
| 3 | ലീഡിംഗ് ഫയർമാൻ | 4 |
| 4 | ഡ്രൈവർ മെക്കാനിക്ക് | 1 |
| 5 | ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ | 6 (1 ഒഴിവ്) |
| 6 | ഫയർമാൻ | 20 (3 ഒഴിവ്) |
| 7 | പി.റ്റി.എസ്. | 1 |

| | | | |
|---|---|---|---|
| ബി) | ഫയർ ടെണ്ടറുകളും, ആംബുലൻസുമടക്കം എത്ര വാഹനങ്ങളാണ് ഇവിടെ യുളളത്; | ബി) | 4 എണ്ണം. (വാട്ടർ ടെണ്ടർ -2, ആംബുലൻസ് -1, ജീപ്പ് -1.) |
| സി) | നിരവധി ജലാശയങ്ങളുളള റാന്നിയിലെ ഫയർ സ്റ്റേഷനിൽ, വെളളത്തിൽ അകപ്പെടുന്നവരെ രക്ഷിക്കുന്നതിനായി ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ്, ഡിങ്കി എന്നിവ ഇല്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | സി) | ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ് എന്നിവ നിലവിൽ ആവശ്യത്തിനുണ്ട്. റബ്ബർ ഡിങ്കി ഉണ്ടെങ്കിലും യമഹ എഞ്ചിൻ ഇല്ലാത്തതിനാൽ പത്തനംതിട്ട നിലയത്തിൽ സൂക്ഷിച്ചിരിക്കുന്നു. റാന്നി നിലയത്തിൽ റബ്ബർ ഡിങ്കി ആവശ്യമുളള അവസരത്തിൽ സംഭവസ്ഥലത്ത് പത്തനംതിട്ട നിലയത്തിൽ നിന്നും യമഹ എഞ്ചിനും റബ്ബർ ഡിങ്കിയും എത്തിച്ചുവരുന്നു. |
| ഡി) | പ്രസ്തുത കുറവുകൾ പരിഹരിക്കുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ? | ഡി) | അഗ്നിശമനരക്ഷാ സേവനവകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുളള തുക വിനിയോഗിച്ച് കൂടുതൽ ഉപകരണങ്ങൾവാങ്ങുന്ന മുറയ്ക്ക് റാന്നി നിലയത്തിനാവശ്യമായവ അനുവദിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ